LIBRARY ARCHIVES Kerala Legislative Assembly

സുവർണ്ണ കേരളം പദ്ധതി

101 (3255) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുവർണ്ണ കേരളം പദ്ധതിപ്രകാരം ജൈവപച്ചക്കറി ഉല്പാദനത്തിനായി നിലവിൽ ഏതെല്ലാം സ്ഥാപനങ്ങൾക്കാണ് സഹായം അനുവദിക്കുന്നത്; കോഴിക്കോട് ജില്ലയിൽ ഏതെല്ലാം സ്ഥാപനങ്ങൾക്ക് സഹായം അനുവദിച്ചിട്ടുണ്ട്; ഓരോ സ്ഥാപനത്തിനും സഹായം അനുവദിച്ച തുക എത്ര;

(ബി) പ്രസ്തുത പദ്ധതിയിൽ സന്നദ്ധസംഘടനകൾ, പാടശേഖര സമിതി പോലെയുള്ള കാർഷിക മേഖലയിലെ സന്നദ്ധസംഘടനകൾ എന്നിവയ്ക്ക് സഹായം ലഭ്യമാണോ?

ഉത്തരം

(എ&ബി) സുവർണ്ണ കേരളം പദ്ധതി പ്രകാരം ജൈവപച്ചക്കറി ഉൽപ്പാദനത്തിനായി സഹകരണ വകുപ്പിൽനിന്നും ഒരു സ്ഥാപനത്തിനും സഹായം അനുവദിച്ചിട്ടില്ല.

ആയുർധാര പഞ്ചകർമ്മ സെന്റർ

102 (3256) ശ്രീ. വി. ശിവൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ നവരത്ന ലോട്ടറി ഫണ്ട് വിനിയോഗിച്ച് നിർമ്മിച്ച പേരൂർക്കടയിലെ എസ്.സി./എസ്.ടി. ഹെഡ്റേഷന്റെ കീഴിലുള്ള ആയുർധാര പഞ്ചകർമ്മ സെന്റർ ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയതിന്റെ കാരണം എന്താണെന്ന വ്യക്തമാക്കുമോ;

(സി) പ്രസ്തുത സെന്റർ പ്രവർത്തിക്കുന്നുണ്ടെങ്കിൽ പ്രസ്തുത സ്ഥാപനത്തിൽ ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ എന്തൊക്കെയാണെന്ന വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ബാധകമല്ല.

(സി) ആയുർധാര പഞ്ചകർമ്മ സെന്ററിൽ ലഭ്യമാകുന്ന ചികിത്സാ സൗകര്യങ്ങൾ ചുവടെ ചേർക്കുന്നു: